LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ ഏകീകരണം

82 [2734] ശ്രീ. യു. സി. രാമൻ:
,, സി. ടി. അഹമ്മദ് അലി:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ഇ. പി. എഫ്. ഉള്ളവരെ കൂടി ഉൾപ്പെടുത്തി പെൻഷൻ ഏകീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇ. പി. എഫ്. പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന സംഘങ്ങൾ, തങ്ങളെ അതിൽ നിന്നും ഒഴിവാക്കി സഹകരണമേഖലയിൽ നടപ്പിലാക്കിയിട്ടുള്ള പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുള്ള നിവേദനം പരിഗണിച്ച് ഇ. പി. എഫ്. കമ്മീഷണറുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്.

(സി) പ്രസക്തമല്ല.

എംപ്ലോയ്മെന്റ് സഹകരണസംഘങ്ങളിലെ കാഷ്വൽ അവധി

83 [2735] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയീസ് സഹകരണസംഘങ്ങളിൽ കാഷ്വൽ അവധി അനുവദിക്കുന്നത് ഏത് നിയമം അനുസരിച്ചാണ്;

(ബി) പ്രസ്തുത നിയമപ്രകാരം എത്ര കാഷ്വൽ അവധികളാണ് എംപ്ലോയീസ് സഹകരണസംഘം ജീവനക്കാർക്ക് അനുവദിക്കുന്നത്;

(സി) എങ്കിൽ തിരുവനന്തപുരത്ത് വേളിയിൽ പ്രവർത്തിക്കുന്ന സ്പേയ്സ് സെന്റർ എംപ്ലോയീസ് സഹകരണസംഘത്തിലെ ജീവനക്കാർക്ക് കാഷ്വൽ അവധി 20-ൽ നിന്നും പത്തായി കുറച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സഹകരണസംഘം ജീവനക്കാർക്ക് അർഹതപ്പെട്ട കാഷ്വൽ അവധി പുനഃസ്ഥാപിക്കാനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സഹകരണ നിയമം 190 (8) ചട്ടം അനുസരിച്ച് സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന എല്ലാവിധ അവധികളും സഹകരണസംഘം ജീവനക്കാർക്കും ബാധകമായിരിക്കും.

(ബി) പ്രസ്തുത നിയമപ്രകാരം 20 (ഇരുപത്) കാഷ്വൽ അവധികളാണ് അനുവദിക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സ്പേയ്സ് സെന്റർ എംപ്ലോയീസ് സഹകരണസംഘത്തിലെ ജീവനക്കാർക്ക് 20 ആകസ്മിക അവധിയോടൊപ്പം എല്ലാ ശനിയാഴ്ചകളും ഞായറാഴ്ചകളും ഐ. എസ്. ആർ. ഒ.-ക്ക് നൽകുന്ന എല്ലാ കേന്ദ്ര അവധികളും ഒഴിവുദിനങ്ങളായി കണ്ടതിനാൽ കേന്ദ്ര ജീവനക്കാർക്ക് അനുവദനീയമായ 10 ദിവസത്തെ കാഷ്വൽ ലീവ് ടി സംഘം ജീവനക്കാർക്കും ബാധകമാക്കണമെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് സംഘം ഭരണ സമിതിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആകസ്മിക അവധി 10 ആയി കുറച്ചത്. ടി അവധി 20 ആയി പുനഃസ്ഥാപിക്കാനാകുമോ എന്ന് പരിശോധിച്ചു വരുന്നു.

എംപ്ലോയീസ് സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് കാഷ്വൽ ലീവ്

84 [2736] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എംപ്ലോയീസ് സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് കാഷ്വൽ ലീവ് അനുവദിക്കുന്നതിന് ബാധകമായിട്ടുള്ള നിയമ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത നിയമ വ്യവസ്ഥ പ്രകാരം പ്രതിവർഷം എത്ര ദിവസത്തെ കാഷ്വൽ ലീവാണ് അനുവദിക്കുന്നത്;

(സി) പ്രസ്തുത നിയമ വ്യവസ്ഥയിൽ പറയുന്ന കാഷ്വൽ ലീവിന്റെ എണ്ണത്തിൽ കുറവു വരുത്തുന്നതിനുള്ള നടപടിക്രമം എന്താണെന്നും അതിനുള്ള അധികാരികൾ ആരാണെന്നും വിശദീകരിക്കുമോ;

(ഡി) കാഷ്വൽ ലീവിന്റെ കാര്യത്തിൽ കെ. എസ്. ആർ.-ലെ വ്യവസ്ഥകൾ അവർക്ക് ബാധകമാണോ;

(ഇ) എങ്കിൽ പ്രതിവർഷം അവർക്ക് ലഭിക്കേണ്ട കാഷ്വൽ ലീവുകളുടെ എണ്ണമെത്രയാണ്;

(എഫ്) ഇത്തരം ജീവനക്കാർക്ക് അർഹമായ കാഷ്വൽ ലീവിന്റെ എണ്ണം വെട്ടിക്കുറയ്ക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണോ;

(ജി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(എച്ച്) തിരുവനന്തപുരം സപേയ്സ് സെന്റർ എംപ്ലോയീസ് സഹകരണസംഘം ക്ലിപ്തം റ്റി. 1388-ലെ ജീവനക്കാരുടെ കാഷ്വൽ അവധിയുടെ എണ്ണം കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയായാണ് കുറച്ചത്;

(ഐ) ഏതടിസ്ഥാനത്തിലും അതോറിറ്റിയിലുമാണ് അവരുടെ ലീവ് വെട്ടിക്കുറച്ചത്;

(ജെ) അവർക്ക് കെ. എസ്. ആർ. പ്രകാരം അനുവദനീയമായത്ര കാഷ്വൽ ലീവ് അനുവദിക്കുവാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly